# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4057 16.12.2014 ൽ മറുപടിക്ക്

### ട്രെയിനുകളിൽ പുതിയ ബോഗികൾ ഘടിപ്പിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എ.അസീസ് :<br>,, കോവൂർ കുഞ്ഞുമോൻ : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന ട്രെയിനുകളിലെ ബോഗികൾ ഏറ്റവും മോശമായവയാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഉപയോഗയോഗ്യമായവയും മോശമല്ലാത്തതുമായ ബോഗികൾ സംസ്ഥാനത്തിന് ലഭിക്കുവാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ; | (ബി) | സംസ്ഥാനത്ത് ഓടുന്ന ട്രെയിനുകളിലെ ബോഗികൾ ചിലതെല്ലാം കാലപ്പഴക്കം ചെന്നവയും തുരുമ്പെടുത്ത് ഉപയോഗയോഗ്യമല്ലാത്തവയുമാണെന്നും ദീർഘദൂര ട്രെയിനുകളിലെ ബോഗികളുടെ അവസ്ഥയും പലപ്പോഴും ശോചനീയമാണെന്നും സംസ്ഥാനത്ത് ഉപയോഗിക്കുന്ന ബോഗികളിൽ 70%നുമേൽ 25 കൊല്ലത്തിലധികം പഴക്കമുള്ളവയാണെന്നും ബോഗികൾ റിപ്പയർ ചെയ്യുന്നതിനായുള്ള പീരിയോഡിക് ഓവർ ഹോളിംഗ് സൗകര്യം സംസ്ഥാനത്ത് ഇല്ലാത്തതിനാൽ ബോഗികൾ റിപ്പയറിംഗിനായി ചെന്നൈയിലേക്ക് അയയ്ക്കുമ്പോൾ അവിടെ നിന്നും ലഭിക്കുന്നവ പലപ്പോഴും വൃത്തിയില്ലാത്തതും കാലപ്പഴക്കം |

ചെന്നവയുമാണെന്നും മുൻപ് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ആലപ്പുഴ പാസ്സഞ്ചർ ട്രെയിനിന്റെ ബോഗിക്ക് സംഭവിച്ച അപകടത്തിന്റെ വെളിച്ചത്തിൽ ഇക്കാര്യങ്ങളിലേക്ക് ശ്രദ്ധക്ഷണിച്ചു കൊണ്ട് താഴെപ്പറയുന്ന കാര്യങ്ങൾ അടിയന്തിരമായി പരിഗണിക്കണമെന്ന് കേന്ദ്ര റയിൽവേ മന്ത്രിയോട് സംസ്ഥാന സർക്കാർ അന്ന് അഭ്യർത്ഥിച്ചിരുന്നു.

(i) 25 കൊല്ലത്തിലധികം പഴക്കമുള്ള എല്ലാ ബോഗികളും ഘട്ടം ഘട്ടമായി 5 കൊല്ലത്തിനകം മാറ്റണമെന്നും;

(ii) തിരുവനന്തപുരത്തേയും എറണാകുളത്തേയും റിപ്പയർ സൗകര്യങ്ങൾ പ്രധാന റിപ്പയറുകൾ ചെയ്യുവാനുതകുന്ന രീതിയിൽ വിപുലപ്പെടുത്തണമെന്നും;

(iii) റിപ്പയറിനും മെയിന്റനൻസിനുമായി ആവശ്യത്തിന് ആളുകളെ നിയമിക്കണമെന്നും;

(iv) കോച്ചുകൾ വൃത്തിയാക്കാനായി കൂടുതൽ ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തണമെന്നും.

തുടർന്ന് റിപ്പയറിംഗിനായി നല്കുന്ന കോച്ചുകൾ തന്നെ മടക്കി ലഭിച്ചു തുടങ്ങിയിട്ടുണ്ട് എന്ന് റെയിൽവേ അറിയിച്ചു.

2015-16 ലെ റെയിൽവേ ബഡ്ജറ്റിൽ കേരളത്തിലെ റയിൽവേ

| | | | |
|---|---|---|---|
| | | | വികസനത്തിനാവശ്യമായ കാര്യങ്ങൾ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ ഡിസംബർ 2014 ൽ സമർപ്പിച്ച മെമ്മോറാണ്ടത്തിലും ഇക്കാര്യങ്ങൾ ഉൾപ്പെടുത്തി വീണ്ടും കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വന്നിട്ടുണ്ട്. |
| (സി) | യാത്രയ്ക്ക് അധിക തുക ഈടാക്കുന്ന ജനശതാബ്ദി ട്രെയിനുകളിൽ സാധാരണ കോച്ചുകൾ ഘടിപ്പിക്കുന്നത് വ്യാപകമായത് ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ഈ സാഹചര്യം ഒഴിവാക്കുവാനായി ആവശ്യത്തിന് സ്പെയർ കോച്ചുകൾ ചെന്നൈ റെയിൽവേ വർക്ക്ഷോപ്പിൽ നിന്നും ആവശ്യപ്പെടുവാൻ തിരുവനന്തപുരം ഡിവിഷണൽ റെയിൽവേ മാനേജർ തീരുമാനിച്ചിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ